# വെളിപ്പാടുപുസ്തക പഠനം -10

# മഹത്വവും ബലവും നിറഞ്ഞ ദൈവം

## പാസ്റ്റർ സി.വി. ആൻഡ്രൂസ്

**വാക്യം-6** നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ച തന്റെ പിതാവായ ദൈവത്തിനും നമ്മെ രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവനുമായവന് എന്നെന്നേക്കും മഹത്വവും ബഹലും -ആമേൻ

## നമ്മെ സ്നേഹിക്കുന്നവൻ

നമ്മെ സ്നേഹിക്കുന്നവൻ എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ദൈവം നമ്മെ സ്നേഹിക്കുന്നു എന്നുള്ളത് എല്ലായ്പ്പോഴും തുടർന്നുകൊൺടിരിക്കുന്ന യാഥാർത്ഥ്യമാണ്. സ്വയം മറ്റുള്ളവർക്കായി പ്രാണത്യാഗം ചെയ്തുകൊൺട് സ്നേഹിക്കുന്ന ശ്രേഷ്ഠമായ അനുഭവമാണ് ഇവിടെപ്പറയുന്ന സ്നേഹം.

യോഹ.6:16 -നിത്യജീവൻ നൽകുന്ന സ്നേഹം

റോമ 5:5 -പരിശുദ്ധാത്മാവിനാൽ പകരപ്പെടുന്ന സ്നേഹം

1യോഹ.2:5 -വചനം പ്രമാണിക്കുന്ന സ്നേഹം

1യോഹ 3:16 -പ്രാണനെ വച്ചുകൊടുത്ത സ്നേഹം

മർക്കോസ് 10:21 കുറവുകൾ ചൂൺടിക്കാണിക്കുന്ന സ്നേഹം

യോഹ 13:1 അവസാനത്തോളം വരെയുള്ള സ്നേഹം

യോഹ 15:9 പിതാവു സ്നേഹിക്കുന്നതുപോലുള്ള സ്നേഹം

എഫേ 2:4 മഹാസ്നേഹം

2 തെസ 2‘16 നിത്യാശ്വാസവും പ്രത്യാശയും നൽകുന്ന സ്നേഹം

മത്തായി 5:44 ശത്രുക്കളെ സ്നേഹിക്കുന്ന സ്നേഹം

1യോഹ 3:1 വലിയ സ്നേഹം

## നമ്മുടെ പാപം പോക്കിയവൻ

മനഷ്യന്റെ പാപം ക്ഷമിച്ചുകൊടുക്കാൻ കഴിവുള്ളവൻ യേശുക്രിസ്തു മാത്രം (ലൂക്കോസ് 5:20,21, മത്തായി 9:2–5, ലൂക്കോസ് 7:47)

ഉൽപ്പത്തി 39:9 ദുഷ്ടത പാപം

പുറപ്പാട് 32:30 വിഗ്രഹാരാധന എന്ന പാപം

ലേവ്യ 24:15 ദൈവത്തെ ശപിക്കുന്നതു പാപം

1 ശമുവേൽ 15:23,24 മത്സരം പാപം

സദൃശ്യ 14:34 അപമാനകരമായതു പാപം

സദൃശ്യ 21:4 ഗർവ്വുള്ള കണ്ണും അഹങ്കാരഹൃദയവും ദുഷ്ടന്മാരുടെ ദീപവും പാപം

റോമ 5:19 അനുസരണക്കേട് പാപം

റോമ 14:23 വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കാത്തതു പാപം

തീത്തോസ് 3:11 വക്രബുദ്ധി പാപം

1യോഹ 3:4 അധർമ്മം പാപം

1 യോഹ 5:17 സകല അനീതിയും പാപം

യാക്കോബ് 1:15 മോഹം പാപം

യാക്കോബ് 2:9 മുഖപക്ഷം കാണിക്കുന്നത് പാപം

ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായിത്തീർന്നു (റോമ 3:23) എന്ന് ദൈവവചനം വ്യക്തമാക്കിയിരിക്കുന്നു. (അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചു എഫേ 2:1) പാപികളുടെ പാപപ്പരിഹാരാർത്ഥം പ്രാശ്ചിത്തമായിത്തീർന്നത് കർത്താവാകയാൽ പാപമോചന അധികാരം യേശുക്രിസ്തുവിൽ മാത്രം നിക്ഷിപ്തമായിരിക്കുന്നു. എന്നാൽ വിശ്വസിക്കുന്നവർക്കു മാത്രമേ അത് പ്രാപിക്കുവാൻ സാധിക്കുകയുള്ളൂ. (റോമ 10:9–10).

## തന്റെ രക്തത്താൽ വിടുവിക്കുന്നവൻ

യേശുക്രിസ്തുവിന്റെ രക്തം നമ്മുടെ പാപപരിഹാരത്തിനുള്ള പ്രാശ്ചിത്ത രക്തമാണ് (നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രെ 1പത്രോസ് 1:18–19), എബ്രായ 9:13–14.

റോമ 3:25 –പ്രാശ്ചിത്തമായ രക്തം

റോമ 5:9 നീതീകരിക്കുന്ന രക്തം

എഫേ 1:7 വീണ്ടെടുപ്പു നൽകിയ രക്തം

കൊലോ 1:20 സമാധാനമുണ്ടാക്കിയ രക്തം

എബ്രായ 10:19–20 ധൈര്യം നൽകിയ രക്തം

1യോഹ 1:7 ശുദ്ധീകരിക്കുന്ന രക്തം

വെളി 12:1 ജയം നൽകുന്ന രക്തം

അപ്പ.പ്രവൃത്തി 20:28 സഭയെ സമ്പാദിച്ച രക്തം

കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിന് പാപപ്പരിഹാരം വരുത്തുവാൻ കഴിയാതിരുന്നപ്പോൾ ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന യേശുവിന്റെ രക്തം നമ്മുടെ ആത്മാവിന്റെയും പ്രാണന്റെയും വീണ്ടെടുപ്പു സാധിപ്പിച്ചു. തന്റെ വീണ്ടും വരവിൽ ശരീരത്തിന്റെ വീണ്ടെടുപ്പ് പൂർണ്ണമായി നടക്കും. ക്രിസ്തുവിന്റെ രക്തത്താൽ പാപത്തിൽനിന്നും പിതൃപാരമ്പര്യങ്ങളിൽനിന്നും ശിക്ഷാവിധിയിൽനിന്നും വിടുതൽ ലഭിക്കുന്നു. രക്താംബരംപോലെ കടുംചുവപ്പായുള്ള പാപങ്ങളെ ഹിമംപോലെ വെളുപ്പിക്കുവാനും പഞ്ഞിപോലെ മൃദുവാക്കിത്തീർക്കുവാനും യേശുവിന്റെ രക്തത്തിനു കഴിയും (ഏശയ്യ 1:18). ഈ രക്തം വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന് എപ്പോഴും ജയത്തിന്റെ രക്തമാണ്.

## രാജ്യവും പുരോഹിതന്മാരുമാക്കിത്തീർത്തു

രാജാക്കന്മാരും പുരോഹിതന്മാരും എന്നതാണ് ശരിയായ തർജ്ജമ. പുതിയ നിയമ വിശ്വാസികളുടെ സ്ഥാനം രാജകീയ പുരോഹിതഗണം എന്നുള്ളതാണ്. മിസ്രയീമിന്റെ അടിമത്തത്തിൽനിന്ന് ഇസ്രായേലിനെ വിടുവിച്ചുകൊണ്ടുവരുമ്പോൾ ദൈവം മോശയോടു വാഗ്ദത്തം ചെയ്യുന്നു (നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജ്യത്വവും വിശുദ്ധജനവും ആകും പുറ 19:6). അതുപോലെ പുതിയനിയമകാലത്ത് നമ്മെ വിടുവിച്ച കർത്താവ് നമ്മെ രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവുമാക്കി (1പത്രോസ് 2:9, വെളിപ്പാട് 5:10).

മൽക്കിസദേക്കിന്റെ ക്രമപ്രകാരം ശ്രേഷ്ഠ മഹാപുരോഹിതൻ എന്നുള്ള സ്ഥാനമാണ് ക്രിസ്തുവിനുള്ളത്. ഹെബ്രായർ 11 മുതൽ 17 വരെ, സങ്കീർത്തനം 110:4. അതേസമയം മൽക്കിസദേക്കിന്റെ രാജകീയ സ്ഥാനത്തിന് തുല്യമായ രാജാവെന്ന അധികാരവും നമ്മുടെ കർത്താവിനുണ്ട്. മത്തായി 2:2–6, മീഖ 5:2. അതുപോലെ പുതിയ നിയമ വിശുദ്ധന്മാരായ നാം അതേവിധത്തിൽ രാജാക്കന്മാരും

പുരോഹിതന്മാരുമാകുന്നു. നമ്മുടെ യേശു നമ്മെ രാജാക്കന്മാരും പുരോഹിതന്മാരും ആക്കിത്തീർത്തവനാണ്.

## രാജ്യമാക്കിത്തീർത്തവൻ

പിശാചിന്റെ അധികാരത്തിൽനിന്ന് വിടുവിച്ച് സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി. കൊലോ 1:13. ദൈവത്തിന്റെ രാജ്യമെന്നു പറയുന്നത് ദൈവം തന്റെ പരമാധികാരം നടത്തുന്ന സ്ഥലമാണ്. സഭയാണ് ഭൂമിയിൽ ദൈവരാജ്യത്തിന് പ്രാതിനിധ്യം വഹിക്കുന്നത്. ഒരു രാജ്യമായിത്തീർന്ന ഒരു കൂട്ടം ആളുകൾ തങ്ങളുടെ ജീവിതത്തിൽ ദൈവാധികാരത്തിന് കീഴടങ്ങിയിരിക്കുന്നതിനാലാണ് അവർക്ക് ഒരു രാജ്യമായിത്തീരാൻ കഴിയുന്നത്. ദൈവാരാജ്യത്തിന്റെ അനുഭവങ്ങളായ നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും നൽകി (റോമ 14:17). രാജ്യമാക്കിയെന്നല്ല, രാജാക്കന്മാരാക്കി എന്നതാണ് ശരിയായ തർജ്ജമ.

അതുപോലെ നമ്മെ പുരോഹിതന്മാരും ആക്കിവച്ചു. പുരോഹിതന്മാർ എന്ന നിലയിൽ നമ്മെ ആക്കിത്തീർത്തത് ദൈവത്തിന് യാഗമർപ്പിക്കുവാൻ വേൺടിയാണ്. പഴയനിയമകാലത്ത് മൃഗങ്ങളുടെ ശരീരങ്ങൾ പുരോഹിതന്മാർ ദൈവത്തിന് യാഗമായി അർപ്പിച്ചിരുന്നു. എന്നാൽ പുതിയനിയമകാലത്ത് നാം നമ്മുടെ ശരീരങ്ങളെ ദൈവത്തിന് ജീവനുള്ള യാഗമായി അർപ്പിക്കുവാനാണ് നമ്മെ പുരോഹിതന്മാരാക്കിത്തീർത്തത് (റോമ 12:1). പുരോഹിതവർഗ്ഗമായി തെരഞ്ഞെടുക്കപ്പെട്ട സഭ യേശുക്രിസ്തു മുഖാന്തരം ദൈവത്തിന് പ്രസാദമുള്ള ആത്മീയയാഗം കഴിപ്പാന്തക്ക വിശുദ്ധ പുരോഹിതവർഗ്ഗമാക്കേൺടതിന് പണിയപ്പെടുന്നു (1പത്രോസ് 2:5). ദൈവത്തിന് പ്രസാദമുള്ള ആരാധനയും ജീവിതവും ചേർന്നതാണ് പുതിയനിയമ പുരോഹിതവർഗ്ഗത്തിന്റെ ആത്മീകയാഗം. ഹെബ്രാ 13:15–16, റോമ 12:1. പക്ഷവാദപ്രാർത്ഥനയും നാം നടത്തണം 1തിമോ 2:1,2. പുതിയനിയമസഭ പൗരോഹിത്യ പദവിക്കൊത്തവണ്ണം ജീവിക്കേണം.

തന്റെ പിതാവായ ദൈവത്തിനാണ് നമ്മളെ രാജാക്കന്മാരും പുരോഹിതന്മാരും ആക്കിത്തീർത്തത്. യേശുവിന്റെ പുനരുത്ഥാനശേഷം എന്റെ പിതാവും നിങ്ങളുടെ പിതാവും എന്റെ ദൈവവും നിങ്ങളുടെ ദൈവവും എന്ന് യേശു പറഞ്ഞു (യോഹ 20:7). തന്റെ പിതാവ് ഇപ്പോൾ നമ്മുടെ പിതാവുമായിത്തീർന്നു.

## എന്നെന്നേക്കും മഹത്വവും ബലവും –ആമേൻ

ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും വിട്ടുകൊടുക്കില്ല എന്ന് യഹോവ അരുളിച്ചെയ്തു (ഏശയ്യ 42:7). ഇവിടെ യേശുക്രിസ്തുവിന് മഹത്വം കൊടുക്കുന്നു. ദൈവത്തോടു സമത്വവും ദൈവവുമാണ് യേശുക്രിസ്തുവെന്ന് ഇവിടെ വ്യക്തമാക്കിയിരിക്കുന്നു.

## ദൈവത്തെ മഹത്വപ്പെടുത്തുന്നതെങ്ങനെ?

യോശ്വ 7:19 ഏറ്റുപറയുക

വെളിപ്പാട് 16:9 മാനസാന്തരപ്പെടുക

റോമ 4:20 വിശ്വാസത്താൽ

അപ്പ.പ്രവൃത്തി 12:23 ൽ ഹെരോദാവ് ദൈവത്തിന് മഹത്വം കൊടുത്തില്ല

സകലമഹത്വത്തിനും യോഗ്യൻ നമ്മുടെ കർത്താവാണ്. അതുപോലെ ബലം ദൈവത്തിനുള്ളതാണ്. സങ്കീർത്തനം 62:11, സങ്കീർത്തനം 28:7, 46:1, 68:35, 84:5 യിരമ്യ 16:19.

അതുകൊൺടാണ് ദാവീദ് പറഞ്ഞത് നിന്നാൽ ഞാൻ പടക്കൂട്ടത്തിനു നേരേ പാഞ്ഞുചെല്ലും, എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും –സങ്കീർത്തനം 18:29. ആകയാൽ എന്നെന്നേക്കും മഹത്വവും ബലവും നമ്മുടെ ദൈവത്തിന് മാത്രമാകട്ടെ. സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേൺടതിന് അവന് ആധിപത്യവും മഹത്വവും രാജ്യത്വവും ലഭിച്ചു. അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യ ആധിപത്യവും അവന്റെ രാജ്യത്വം നശിച്ചുപോകാത്തതുമാകുന്നു –ദാനിയേൽ 7:14. ഇത്ര ശ്രേഷ്ഠനായ ദൈവത്തിന് മഹത്വവും ബലവും –ആമേൻ.

ആമേൻ എന്ന വാക്കിന് സത്യമായി, വിശ്വാസ്യമായി, അപ്രകാരംതന്നെ എന്നിങ്ങനെ അർത്ഥം വരുന്നു